## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1870 | 13.06.2019 - ൽ മറുപടിക്ക് |
|---|---|

## റീ ബിൽഡ് കേരള പ്രവർത്തന നിർദ്ദേശങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജോർജ് എം. തോമസ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പ്രളയാനന്തര പുനർ നിർമ്മാണത്തിന് റീ ബിൽഡ് കേരള പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നതെന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) & (ബി) | ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, കൂടുതൽ കാര്യക്ഷമമായതും ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക, എന്നിങ്ങിനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്. പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വേഗത/കാര്യക്ഷമത ഉൾച്ചേർക്കൽ, നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗം, നീതിപൂർവ്വവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, മെച്ചപ്പെട്ട കാര്യക്ഷമത |
| (ബി) | ഏതൊക്കെ മേഖലകളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |

| | | |
|---|---|---|
| | | ഉറപ്പാക്കൽ, ആസ്തി പരിപാലന ചട്ടക്കൂട്ടുകളുടെ രൂപീകരണം, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നീ അടിസ്ഥാന സമീപനങ്ങൾ പാലിച്ചു കൊണ്ട് കേരള പുനർനിർമ്മാണം സാധ്യമാക്കുക എന്നതിനാണ് റീബിൽഡ് കേരളാ ഇനിഷ്യിയേറ്റീവ് ഊന്നൽ നൽകുന്നത്. മേൽപറഞ്ഞ വിധത്തിൽ വികസന ആശയങ്ങൾ രൂപപ്പെടുത്തുക, നിശ്ചിത മാനദണ്ഡങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമായി പ്രസ്തുത ആശയങ്ങളിൽ നിന്നും നിർവ്വഹണയോഗ്യമായവ തെരഞ്ഞെടുത്ത് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാൻ ആകുന്ന ഏജൻസികൾ വഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരളാ ഇനിഷ്യിയേറ്റീവിന്റെ നിർവ്വഹണ സമീപനം. പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നൽകുന്ന ഒരു സമഗ്ര പ്രവർത്തന പദ്ധതിയായ കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP)റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ |

രൂപപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേക്ക് വഴികാട്ടുന്ന മാർഗരേഖയാണ് RKDP. ഇത്തരത്തിലുള്ള പുനർനിർമാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്നതുമായ (cross cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവ RKDP യിൽ ഉൾപ്പെടുന്നു. കേരളത്തിന്റെ വികസനത്തിനും ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പൂരകമായിട്ടാണ് കേരള പുനർനിർമ്മാണ വികസന പരിപാടി രൂപപ്പെടുത്തിയിട്ടുള്ളത്.

സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മൽസ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നീ മേഖലകൾക്കും വിവിധ

| | | | |
|---|---|---|---|
| | | | മേഖലകളിലായി വ്യാപിച്ച കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലാ ശാക്തീകരണം എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങളുടെ നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ, വിശദാംശം നൽകുമോ? | (സി) | പ്രളയാനന്തര പുനർനിർമാണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി തയാറാക്കിയിട്ടുള്ള സമഗ്രരേഖയായ കേരള പുനർനിർമാണ വികസന പരിപാടി (RKDP)-യിൽ അതിജീവനക്ഷമതയുള്ള കേരളത്തിന്റെ പുനർനിർമാണത്തിനു ചാലകമാകേണ്ട നയമാറ്റങ്ങളും പ്രായോഗിക പ്രവർത്തനങ്ങളും പ്രതിപാദിക്കുന്നു. വിവിധ മേഖലകളെ പ്രളയം എങ്ങനെ ബാധിച്ചുവെന്നും ഓരോ മേഖലയിലും പുനർനിർമാണം എങ്ങനെ നടപ്പാക്കണമെന്നും കൃത്യമായി പ്രതിപാദിക്കുന്നതോടൊപ്പം മുൻഗണന നൽകി നടപ്പിലാക്കേണ്ട പുനർനിർമാണ പ്രവർത്തനങ്ങളും വിശദമായി വിവരിക്കുന്നു. ഇതുസംബന്ധിച്ചുള്ള 18 സാങ്കേതിക പഠനങ്ങളും വിലയിരുത്തലുകളും ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത നയരേഖയിൽ |

| | | | |
|---|---|---|---|
| | | | സാമ്പത്തികം, സ്ഥാപനതലത്തിലും പ്രവർത്തനതലത്തിലുമുള്ള തയാറെടുപ്പുകൾ എന്നിവ വിശദീകരിക്കുന്നു. സംസ്ഥാന ബജറ്റ്, കേന്ദ്രസർക്കാരിന്റെ പ്രകൃതിദുരന്ത സഹായം, പ്രളയ സെസ്, വിവിധ വായ്പകൾ, ബോണ്ടുകൾ തുടങ്ങി വിവിധ തലങ്ങളിലുള്ള സാമ്പത്തിക സമാഹരണ മാർഗങ്ങൾ ഇതിൽ വിവരിക്കുന്നു. RKDP യിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സമയക്രമവും മറ്റു വിശദാംശങ്ങളും നിർവചിച്ചിട്ടുണ്ട്. RKDP നടപ്പാക്കലുമായി ബന്ധപ്പെട്ട് ആദ്യഘട്ടം മുതൽ വേണ്ട സമഗ്രവും ഫലപ്രദവുമായ Monitoring and Evaluation സംവിധാനത്തെപ്പറ്റിയും RKDP യുടെ കീഴിൽ വരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനാവശ്യമായ വിവിധ തലങ്ങളിലുള്ള സൂചകങ്ങളെപ്പറ്റിയും ഇതിനായി നടപ്പിലാക്കേണ്ട സ്ഥാപനതല ക്രമീകരണങ്ങളും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളും പ്രസ്തുത നയരേഖയിൽ പ്രതിപാദിക്കുന്നു. |

**സെക്ഷൻ ഓഫീസർ**